(ഇ) ബിവറേജസ് വില്പനശാലകൾ തുടങ്ങിയതുമൂലം വ്യാജമദ്യവില്പന കുറഞ്ഞതായി റിപ്പോർട്ടുകൾ ഉണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം എ ആയി കൊടുത്തിട്ടുണ്ട്. †$_1$

(ബി) അനുബന്ധം ബി ആയി കൊടുത്തിട്ടുണ്ട്. †$_2$

(സി) ബിവറേജസ് കോർപ്പറേഷൻ 305
കൺസ്യൂമർഫെഡ് 46
ആകെ 351

(ഡി) അനുബന്ധം സി ആയി കൊടുത്തിട്ടുണ്ട്. †$_3$

(ഇ) ഉണ്ട്.

വ്യാജമദ്യവില്പന സംബന്ധിച്ച് 2003-2004 സാമ്പത്തികവർഷം 6495 കേസുകൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് ഈ സാമ്പത്തിക വർഷം (2005-ഫെബ്രുവരി വരെ) 5444 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(എഫ്) ഇല്ല.

ചിട്ടിക്കമ്പനികൾ അമിത പലിശ ഈടാക്കുന്നതിനെതിരെ നടപടി

43 [3905] *ശ്രീ. ഉമേഷ് ചള്ളിയിൽ:*
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടിക്കമ്പനികൾ, ചിറ്റാളന്മാരിൽ നിന്നും ക്രമാതീതമായ തോതിൽ പലിശ, മുടക്കുപലിശ തുടങ്ങിയവ ഈടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചിട്ടിക്കമ്പനികൾ പലിശ ഈടാക്കുന്ന കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ചിട്ടിക്കമ്പനികൾക്ക് പരമാവധി ഈടാക്കാവുന്ന പലിശ എത്രയാണ്;

(ഡി) അമിത പലിശയും, നിർബന്ധിത പണയം ലേലവും നടത്തുന്ന ചിട്ടിക്കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

†$_1$†$_2$†$_3$ അനുബന്ധം-II

LIBRARY ARCHIVES Kerala Legislative Assembly

(ബി) വര്യോല വ്യവസ്ഥയനുസരിച്ചാണ് പലിശ ഈടാക്കുന്നത്.

(സി) കേരള ചിട്ടി നിയമത്തിലെ 24 (1) വകുപ്പനുസരിച്ച്, ചിട്ടി പിടിക്കാത്ത ചിറ്റാളൻ ചിട്ടിത്തവണ മുടക്കുന്ന പക്ഷം 9% നിരക്കിൽ പലിശ ഈടാക്കാവുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ പരാതികൾ ലഭിച്ചാൽ ആലോചിക്കാവുന്നതാണ്.

ബാക്ക്വേഡ് ഡിസ്ട്രിക്ട് ഏരിയാ ഫണ്ട്

44 [3906] *ശ്രീമതി രാധാരാഘവൻ:*
ശ്രീ. വി. ജെ. പൗലോസ്:
,, *എ. സുജനപാൽ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാക്ക്വേഡ് ഡിസ്ട്രിക്ട് ഏരിയാ ഫണ്ടായി കേന്ദ്രം എന്ത് തുകയാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബ) സംസ്ഥാനത്തിന് പ്രസ്തുത ഫണ്ടിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഫണ്ടിൽനിന്നും സംസ്ഥാനത്തിനും ധനസഹായം ലഭിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇന്ത്യയിലെ തെരഞ്ഞെടുത്ത പിന്നോക്ക ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയായ രാഷ്ട്രീയ സാം വികാസ് യോജന പ്രകാരം കേരളത്തിന് 30 കോടി രൂപ 2005-2006 വർഷത്തിൽ പ്ലാനിംഗ് കമ്മീഷൻ വകയിരുത്തിയിട്ടുണ്ട്.

(ബി) 2005-2006-ൽ 30 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉദിക്കുന്നില്ല.

പണികൾ നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികളുടെ ആക്ഷൻപ്ലാൻ

45 [3907] *ശ്രീ. സി. എം. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണികൾ നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികളുടെ ആക്ഷൻപ്ലാൻ അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly